# മഹാത്മാഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**
പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560
ഫോൺ: 0481 - 2733298

2021 സെപ്റ്റംബർ 7

# വാർത്താക്കുറിപ്പ്

## അപേക്ഷ സെപ്റ്റം. 10 വരെ

കോവിഡ് - 19 രോഗബാധ മൂലമോ അനുബന്ധ പ്രശ്നങ്ങളാലോ എം.ബി.എ സ്പെഷ്യൽ മേഴ്സി ചാൻസ് പരീക്ഷ എഴുതാൻ കഴിയാതിരുന്ന (2015 അഡ്മിഷൻ) വിദ്യാർത്ഥികൾക്ക് കൂടി പരീക്ഷ എഴുതാൻ അവസരം. ഇതിലേക്കുള്ള അപേക്ഷകൾ സെപ്റ്റംബർ 10 ന് മുൻപ് സമർപ്പിക്കണം. പരീക്ഷാ ഫീസിനും സി.വി. ക്യാംപ് ഫീസിനും പുറമെ സ്പെഷ്യൽ ഫീസായി 5250 രൂപയും epay. mgu.ac.in മുഖേന അടയ്ക്കണം. അപേക്ഷയോടൊപ്പം അദാലത്ത് സ്പെഷ്യൽ മേഴ്സി ചാൻസ് എം.ബി.എ പരീക്ഷയുടെ ഹാൾ ടിക്കറ്റും അപ് ലോഡ് ചെയ്യണം. അപേക്ഷയും അനുബന്ധ രേഖകളും ar12exam@mgu.ac.in എന്ന ഇമെയിൽ വിലാസത്തിലും അയക്കണം.

(പി.ആർ.ഒ/39/868/2021)

## പരീക്ഷാ തിയതി

മൂന്നും നാലും സെമസ്റ്റർ ബി.എ./ബി.കോം. (സി.ബി.സി.എസ്.എസ്. - 2017ന് മുമ്പുള്ള അഡ്മിഷൻ - സപ്ലിമെന്ററി, 2012, 2013 അഡ്മിഷൻ - മേഴ്സി ചാൻസ് - പ്രൈവറ്റ് രജിസ്ട്രേഷൻ) പരീക്ഷകൾ യഥാക്രമം സെപ്റ്റംബർ 22, ഒക്ടോബർ ആറ് തീയതികളിൽ ആരംഭിക്കും. വിശദമായ ടൈംടേബിൾ സർവ്വകലാശാല വെബ് സൈറ്റിൽ.

(പി.ആർ.ഒ/39/869/2021)

## പരീക്ഷഫലം

2021 ഫെബ്രുവരിയിൽ സ്കൂൾ ഓഫ് പ്യുവർ ആന്റ് അപ്ലൈഡ് സയൻസസ് നടത്തിയ മൂന്നാം സെമസ്റ്റർ എം.എസ് സി. ഫിസിക്സ് (സി.എസ്.എസ്. - 2019-2021 ബാച്ച് - റഗുലർ) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

(പി.ആർ.ഒ/39/870/2021)

## പി എച്ച് ഡി പരീക്ഷ

മഹാത്മാഗാന്ധി സർവകലാശാലയുടെ അംഗീകൃത ഗവേഷണ കേന്ദ്രങ്ങളിൽ 2019ൽ പിഎച്ച്.ഡി.ക്കായി രജിസ്റ്റർ ചെയ്തവർക്കും സെക്കന്റ് സ്പെൽ പൂർത്തിയാക്കിയവർക്കും 2018 സെക്കന്റ് സ്പെൽ പൂർത്തിയാക്കിയവർക്കും സപ്ലിമെന്ററിക്കാർക്കുമുള്ള കോഴ്സ് 1, കോഴ്സ് 2, കോഴ്സ് 4 പരീക്ഷ കോട്ടയം സി.എം.എസ്. കോളേജ്, എറണാകുളം മഹാരാജാസ് കോളേജ് എന്നിവിടങ്ങളിൽ സെപ്റ്റംബർ 14, 15, 16 തീയതികളിൽ നടക്കും. സെപ്റ്റംബർ 23ന് നടക്കുന്ന കോഴ്സ് 3 പരീക്ഷ അതത് റിസർച്ച് സെന്ററുകളിലാണ്നടക്കുക. ഹാൾടിക്കറ്റുകൾ www.distance.mgu.ac.in/mguPhd എന്ന ലിങ്കിലൂടെ യൂസർ ഐഡിയും പാസ്‌വേഡും ഉപയോഗിച്ച് സെപ്റ്റംബർ ഒൻപതിന് വൈകീട്ട് മുതൽ ഡൗൺലോഡ് ചെയ്യാം. വിശദവിവരത്തിന് ഫോൺ: 0481-2732947

(പി.ആർ.ഒ/39/871/2021)

പി.സി. സുരേഷ് കുമാർ